കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസമാണ് മുഖ്യവിഷയം. ഏതായാലും ഓരോ കാരണങ്ങൾ പറഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോകാൻ പാടില്ല. ചില സുപ്രധാന പ്രോജക്ടുകൾ സംസ്ഥാന സർക്കാർ സ്വമേധയാ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു. സി. ഡി. ബ്ളോക്ക്, റാണി-ചിത്തിര കായൽ പാടശേഖരങ്ങളുടെ സ്ഥിരം പുറംബണ്ട് നിർമ്മാണത്തിന് 10 കോടി രൂപ വകയിരുത്തിയിരുന്നു എ. സി. കനാലിന്റെ പുനരുദ്ധാരണത്തിന് 15 കോടി രൂപ വകയിരുത്തുന്നു. വൈക്കത്തെ കരിയാർമുട്ട് സ്ഥിരം ബണ്ടാക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. ഈ മൂന്ന് നിർമ്മാണപ്രവർത്തികൾക്ക് 142 കോടി രൂപ ചെലവ് വരും തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന സമയം പരമാവധി കുറയ്ക്കാൻ ഉതകുന്ന രീതിയിൽ ശാസ്ത്രീയമായ ഒരു കാർഷിക കലണ്ടർ രൂപം നൽകുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതാണ്. ചെന്നൈ ഐ. ഐ. ടി.-യുടെ റിപ്പോർട്ട് ലഭിച്ചാലുടൻ തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**മൃഗസംരക്ഷണവും ഡയറിയും**

27. 2006-07-ൽ മൃഗസംരക്ഷണ മേഖലയ്ക്കുള്ള വകയിരുത്തൽ 34.9 കോടി രൂപയായിരുന്നു. ഇത് 74.16 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. ക്ഷീരകൃഷിക്കാർ നേരിടുന്ന ഏറ്റവും ഗൗരവമായ വെല്ലുവിളി കാലിത്തീറ്റയുടെ വിലവർദ്ധനവും വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവുമാണ്. തീറ്റപ്പുൽകൃഷിക്കുവേണ്ടി രണ്ടുകോടി രൂപ നീക്കിവെയ്ക്കുന്നു. കരുനാഗപ്പള്ളിയിൽ പുതിയൊരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് അനുവാദം നൽകിക്കഴിഞ്ഞു.

28. സർ, കേരളത്തിലെ ക്ഷീര കൃഷിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം നടപ്പിലാക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പാൽ സൊസൈറ്റികൾ വഴി നൽകുന്ന കാലിത്തീറ്റക്ക് കിലോയ്ക്ക് 50 പൈസവീതം സബ്സിഡി നൽകുന്നതാണ്.

**മത്സ്യബന്ധനം**

29. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സർവ്വതല സ്പർശിയായ വികസന പദ്ധതികൾക്ക് 3000 കോടി രൂപ ചെലവഴിക്കുമെന്ന് പറഞ്ഞപ്പോൾ അസാദ്ധ്യമെന്നു പറഞ്ഞവർക്കിപ്പോൾ മിണ്ടാട്ടമില്ല. ഫിഷിംഗ് ഹാർബറുകൾ, പാലങ്ങൾ, തീരദേശ ഹൈവേ, സ്കൂൾ കെട്ടിടങ്ങളുടേയും ആശുപത്രികളുടേയും നവീകരണം, സമ്പൂർണ്ണ പാർപ്പിട പദ്ധതി, കുടിവെള്ള പദ്ധതികൾ എന്നീ നിർമ്മാണ പ്രവർത്തികൾ തീരദേശത്തിന്റെ മുഖഛായ മാറ്റുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Expert Committee would be appointed to scientifically develop an agricultural calendar to reduce the need to close the Thanneermukkom Bund as much as possible. As soon as the report of the IIT, Chennai is received action would be taken for the rennovation of the shutters of Thaneermukkom Bund.

**Animal Husbandry and Dairy**

27. When this government assumed power (2006-07), the allocation set apart for the Animal Husbandry sector was only Rs. 34.9 crore, now it is increased to Rs. 74.16 crore. The most serious problem faced by dairy farmers is the cost increase of cattle feed and the decreasing availability of straw and grass. To deal with this problem Rs. 2 Crore is set apart for raising fodder grass. Sanction has been accorded for starting new cattle feed factory at Karunagappally.

28. Sir, I am extremely happy to positively respond to a major request of the dairy farmers of Kerala and announce a subsidy of 50 paise per kilo of cattle feed supplied to farmers by the milk societies.

**Fisheries**

29. When it was stated that Rs. 3000 crore would be spent for a comprehensive package impacting on the fishermen community, those who declared that it was not possible are now silent. Schemes like fishing harbors bridges, coastal highway, rehabilitation of schools and hospitals, total housing, water supply and similar development schemes are changing the face of the coastal areas.

30. The Debt Relief Scheme declared in the last budget is becoming operational. The debt relief in the tsunami-affected areas would be made from TRP. Rs. 10 crore is earmarked for the debt relief scheme in other areas. When the award of the Commission is declared, more money would be made available. Private money lending is still an important source for loans in the coastal area. The Commission has powers to write off